ശബരിമല വാർത്താക്കുറിപ്പ്
02.01.2025
മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## ശബരിമലയിൽ പരിശോധന ശക്തമാക്കി എക്സൈസ്

മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര നട തുറന്നശേഷം ആദ്യ മൂന്ന് ദിവസങ്ങളിൽ (ഡിസംബർ 30 മുതൽ ജനുവരി 1 വരെ) എക്സൈസ് പമ്പയിൽ 16 റെയ്ഡുകൾ നടത്തുകയും 83 കേസുകളിലായി 16,600 രൂപ പിഴ ഈടാക്കുകയും ചെയ്തു.

നിലയ്ക്കലിൽ 33 റെയ്ഡുകൾ നടത്തുകയും 72 കേസുകളിലായി 14,400 രൂപ പിഴ ഈടാക്കുകയും ചെയ്തു. സന്നിധാനത്ത് 16 റെയ്ഡുകൾ നടത്തുകയും 40 കേസുകളിലായി 8,000 രൂപ പിഴയീടാക്കുകയും ചെയ്തു.

പമ്പയിൽ മൂന്ന് ദിവസങ്ങളിലായി 8 ഹോട്ടലുകളിലും 7 ലേബർ ക്യാമ്പുകളിലും പരിശോധന നടത്തി. നിലയ്ക്കലിൽ 16 ഹോട്ടലുകളിലും 11 ലേബർ ക്യാമ്പുകളിലും പരിശോധന നടത്തി. സന്നിധാനത്ത് 9 ലേബർ ക്യാമ്പുകളിലാണ് പരിശോധന നടന്നത്.

## അയ്യപ്പഭക്തർക്ക് ഔഷധകുടിവെള്ളം നൽകാൻ അട്ടപ്പാടിയിൽ നിന്നുള്ള ഗോത്രവർഗക്കാർ

മലകയറുന്ന അയ്യപ്പഭക്തർക്ക് ദാഹവും ക്ഷീണവുമകറ്റാൻ ഔഷധക്കുടിവെള്ളവും ബിസ്കറ്റും വിതരണം ചെയ്യുന്നതിന് അട്ടപ്പാടിയിൽ നിന്നുള്ള ഗിരിവർഗ തൊഴിലാളികളുടെ സേവനം വിനിയോഗിച്ച് ദേവസ്വം ബോർഡ്. ആകെ 652 പേരെയാണ് കുടിവെള്ളവും ബിസ്കറ്റും വിതരണം ചെയ്യാൻ നീലിമല മുതൽ ഉരക്കുഴി വരെ നിയോഗിച്ചിട്ടുള്ളത്. ഇതിൽ 200 പേർ പുതൂർ, ഷോളയൂർ, അഗളി എന്നിവിടങ്ങളിൽ നിന്നുള്ള

ഗോത്രവർഗക്കാരാണെന്ന് സ്പെഷ്യൽ ഓഫീസർ ജി.പി പ്രവീൺ പറഞ്ഞു. പട്ടികവർഗക്കാരായ യുവാക്കളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം കൂടിയാണ് ഇതിലൂടെ സാധ്യമാകുന്നത്. വളരെ ഊർജസ്വലരായി അവർ തങ്ങളുടെ ജോലി നിർവഹിക്കുന്നതായും സ്പെഷ്യൽ ഓഫീസർ പറഞ്ഞു. ശരംകുത്തിയിൽ സ്ഥാപിച്ച പ്ലാന്റിൽ നിന്നാണ് നീലിമല മുതൽ ഉരക്കുഴി വരെ കുടിവെള്ളം വിതരണം ചെയ്യുന്നത്. ചുക്ക്, പതിമുഖം, രാമച്ചം എന്നിവ ചേർത്ത് തയ്യാറാക്കുന്നതാണ് ഔഷധക്കുടിവെള്ളം. ഓരോ 50 മീറ്റർ അകലത്തിലും കുടിവെള്ളം വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ജലജന്യരോഗങ്ങളെ ഭയപ്പെടാതെ തീർഥാടനം പൂർത്തിയാക്കാനാകുമെന്നതാണ് കുടിവെള്ള വിതരണത്തിന്റെ ഏറ്റവും പ്രധാന നേട്ടം. പ്ലാസ്റ്റിക് കുപ്പികൾ മൂലമുണ്ടാകുന്ന മാലിന്യം പൂർണമായും ഇല്ലാതാക്കാനും ഇതുമൂലം സാധിച്ചിട്ടുണ്ട്. തീർഥാടകർക്ക് കുടിവെള്ളത്തോടൊപ്പം ബിസ്കറ്റ് ലഭിക്കുന്നതും ആശ്വാസമാണ്. ഒരു കോടി അറുപത്തിയേഴ് ലക്ഷത്തിലധികം ബിസ്കറ്റാണ് ഈ മണ്ഡലകാലത്ത് അയ്യപ്പൻമാർക്ക് നൽകിയത്. മകരവിളക്കുത്സവത്തിനായി നട തുറന്ന ഡിസംബർ 30 മുതൽ ജനുവരി ഒന്നുവരെ മാത്രം 25 ലക്ഷത്തിലധികം ബിസ്കറ്റ് വിതരണം ചെയ്തതായി സ്പെഷൽ ഓഫീസർ പറഞ്ഞു.

## ശബരിമലയിൽ വെള്ളിയാഴ്ചത്തെ (03.01.2025) ചടങ്ങുകൾ

..............

പുലർച്ചെ
3ന് നട തുറക്കൽ.. നിർമ്മാല്യം
3.05ന് അഭിഷേകം
3.30ന് ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
7.30ന് ഉഷപൂജ
12ന് കളഭാഭിഷേകം

12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
3 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
തുടർന്ന് പുഷ്പാഭിഷേകം
9.30ന് അത്താഴ പൂജ
10.50ന് ഹരിവരാസനം
11ന് നട അടയ്ക്കൽ